പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1676 | 07.03.2018-ൽ മറുപടിക്ക് |
|---|---|

## രാസ ലഹരി മരുന്നുകളുടെ ഉപയോഗം

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ<br>,, റോജി എം. ജോൺ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, കെ.എസ്. ശബരീനാഥൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രാസ ലഹരി മരുന്നുകളുടെ ഉപയോഗം ആശങ്കാജനകമായി വർദ്ധിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ലഹരി മരുന്ന് ഉപയോഗിക്കുന്നതിന്റെയും അവ കടത്തുന്നതിന്റെയും മുഖ്യകേന്ദ്രങ്ങളിൽ ഒന്നായി സംസ്ഥാനം മാറിയെന്ന പോലീസ് റിപ്പോർട്ട് ഗൗരവമായി എടുത്തിട്ടുണ്ടോ; | (ബി) | ഇത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ലഹരി മരുന്ന് കേസുകളുടെ എണ്ണം കഴിഞ്ഞ വർഷം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടോ; 2016-നെ അപേക്ഷിച്ച് 2017-ൽ എത്ര കേസുകൾ അധികമായി രജിസ്റ്റർ ചെയ്തു; | (സി) | രജിസ്റ്റർ ചെയ്തിട്ടുള്ള ലഹരി മരുന്ന് കേസുകളുടെ എണ്ണം 2016-ൽ 5924-ഉം, 2017-ൽ 9242-ഉം ആണ്. റിപ്പോർട്ട് ചെയ്യുന്ന സംഭവങ്ങളിൽ യഥാസമയം കേസുകൾ എടുത്ത കാരണത്താൽ സ്വാഭാവിക വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ഡി) | ലഹരി മരുന്ന് ഉപയോഗവും വില്പനയും തടയുവാൻ എല്ലാ ജില്ലകളിലും ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് ടീമുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ജില്ലകളിൽ നാർക്കോട്ടിക് കേസുകൾ കണ്ടെത്തുന്നതിനും അതിന്റെ ഉപയോഗവും വിൽപ്പനയും തടയുന്നതിനും District Anti-Narcotic Special Action Force (DANSAF) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ